# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 252 07.11.2019 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് മേഖലയിലെ അഴിമതി നിർമ്മാർജ്ജനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ഉണ്ണി | ശ്രീ.ജി.സുധാകരൻ<br>: (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് മേഖലയിലെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് മാന്വലിലും ക്വാളിറ്റി കൺട്രോൾ മാന്വലിലും നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ പണം നൽകുന്നതിന് Ist tier ഗുണനിലവാര പരിശോധന റിപ്പോർട്ട് നിർബന്ധമാണ്. ഒപ്പം IInd tier ഗുണനിലവാര പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ബിൽ തുക നൽകുന്നത്. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ |

സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികളും സർക്കാർ അംഗീകരിച്ച Standard Bid Document പ്രകാരമാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നത്. നിലവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന സുതാര്യമായാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടു കൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നിവരും അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ്

നടപ്പാക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതുസംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (ബി) | പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തി site conditions-നു അനുസൃതമായി തയ്യാറാക്കുവാനും റിവൈസ്ഡ് എസ്റ്റിമേറ്റ് പരമാവധി ഒഴിവാക്കുവാനും നിർദ്ദേശം നൽകുവാനും പ്രവൃത്തികൾ സാങ്കേതികാനുമതിക്കായി സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പ്രവൃത്തികൾ ഷെഡ്യൂൾ പ്രകാരവും ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലും നടപ്പാക്കുവാനും ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്; വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും |

പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൂറിലധികം ജീവനക്കാർ ശിക്ഷാനടപടികൾക്കു വിധേയരായിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(ഡി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്ഥല പരിശോധനയും ഫയൽ പരിശോധനയും കൂടാതെ ക്വാളിറ്റി കൺട്രോൾ മുഖാന്തിരം ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. വകുപ്പിലെ പ്രവൃത്തികളെ സംബന്ധിച്ച പരാതികൾ 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ മുഖേന പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാവുന്നതാണ്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായി ജനങ്ങൾക്കു നേരിട്ടു പരാതി അറിയിക്കാനുള്ള അവസരവും നൽകാറുണ്ട്.

കൂടാതെ, ബഹു.മന്ത്രിയുടെ ഔദ്യോഗിക ഇ-മെയിൽ വഴിയും പരാതികൾ ബോധിപ്പിക്കാനുള്ള അവസരം ജനങ്ങൾ ഉപയുക്തമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**